പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

27.11. 2020

# പല ഏജൻസികൾ മൊഴിയെടുക്കുന്നത് പോക്സോ കേസുകളെ ദുർബലമാക്കുന്നതായി വെബിനാർ

പോക്സോ കേസുകളിൽ വിവിധ ഏജൻസികൾ ലൈംഗിക പീഡനത്തിന് വിധേയമായ കുട്ടിയുടെ മൊഴി രേഖപ്പെടുത്തുന്നത് സുഗമമായ കേസന്വേഷണത്തിനും പ്രതിക്ക് ശിക്ഷ വാങ്ങിക്കൊടുക്കുന്നതിനും തടസ്സമാണെന്ന് കോട്ടയം പോക്സോ കോടതി അഡീഷനൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജ് ജി. ഗോപകുമാർ പറഞ്ഞു. പീഡനവിവരം അറിയുന്ന ഉടനെ ചൈൽഡ് ലൈനും ചൈൽഡ് വെൽഫെയർ കമ്മിറ്റിയും രേഖപ്പെടുത്തുന്ന മൊഴിയാണ് പലപ്പോഴും പ്രഥമവിവര റിപ്പോർട്ടായി പൊലീസ് സ്വീകരിക്കുന്നത്. പല തവണ മൊഴി രേഖപ്പെടുത്തുന്നത് കാരണം കേസ് കുട്ടിയുടെ ഉത്തമതാത്പര്യത്തിന് വിരുദ്ധമായി മാറുന്നു. കേസന്വേഷണത്തിലും തെളിവ് ശേഖരണത്തിലും പൊലീസിന്റെ വൈദഗ്ദ്ധ്യം ഇത്തരം കേസുകളിൽ ഉപയോഗിക്കുന്നില്ല. ഇതേത്തുടർന്ന് പല കേസുകളും പരാജയപ്പെടുന്ന സാഹചര്യം നിലവിലുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. നിയമപ്രകാരം അടിയന്തരസഹായവും സംരക്ഷണവും നൽകാനുള്ള നടപടിയാണ് പ്രാഥമികമായി ചൈൽഡ് ലൈനും സി.ഡബ്ല്യു.സിയും ചെയ്യേണ്ടത്. കോട്ടയം ജില്ലയിലെ പോക്സോ നിയമപാലനത്തിന്റെ ചുമതലക്കാരുമായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സംഘടിപ്പിച്ച വെബിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു ജി. ഗോപകുമാർ.

കുട്ടികൾക്കെതിരേയുള്ള പല ലൈംഗിക പീഡനക്കേസുകളിലും പൊലീസ് നിയമവിരുദ്ധമായി സ്വന്തം വാഹനത്തിൽ യൂനിഫോമിൽ പോയി കുട്ടിയുടെ മൊഴിയെടുക്കുന്നതായി കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് കമ്മീഷൻ ചെയർമാൻ കെ. വി മനോജ്കുമാർ പറഞ്ഞു. ലൈംഗിക കുറ്റകൃത്യങ്ങൾ തടയുന്നതിന് പോക്സോ നിയമപാലനത്തിന് ചുമതലപ്പെട്ട എല്ലാ സ്ഥാപനങ്ങളും ഏകോപിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. അതുപോലെ കുട്ടിയെ തിരിച്ചറിയാൻ സഹായകമാകുന്ന വിവരങ്ങൾ മാധ്യമവാർത്തകളിൽ വരുന്നതും കുറ്റകരമാണ്. ലൈംഗികപീഡനങ്ങൾ ഇല്ലാതെ സന്തോഷകരമായി ജീവിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയാണ് കമ്മീഷന്റെ ലക്ഷ്യം. വെബിനാറിൽ അദ്ധ്യക്ഷനായിരുന്നു ചെയർമാൻ. കമ്മീഷൻ അംഗങ്ങ

ളായ കെ. നസീർ, ഫാ. ഫിലിപ്പ് പരക്കാട്ട്, പി.പി. ശ്യാമളാദേവി, റെനി ആന്റണി എന്നിവർ പങ്കെടുത്തു.

പബ്ലിക് റിലേഷൻസ് ഓഫീസർ